# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **08.02.2013 ൽ മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നം. 1138**

### കാസർഗോഡ് ജില്ലയിൽ വിദ്യാലയങ്ങൾക്ക് അൺ എയ്ഡഡ് പദവി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ. പി.കെ. അബ്ദുറബ്ബ് വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാസർഗോഡ് ജില്ലയിൽ എത്ര വിദ്യാലയങ്ങൾക്ക് അൺ എയ്ഡഡ് പദവി നൽകിയിട്ടുണ്ടെന്നും ഈ വിദ്യാലയങ്ങൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ ഒരു വിദ്യാലയത്തിനും അൺ എയ്ഡഡ് പദവി നൽകിയിട്ടില്ല. |
| (ബി) | പടന്ന ഐ.സി.ടി വിദ്യാലയത്തിന് അൺ എയ്ഡഡ് പദവി നൽകുന്നതിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ?; | (ബി) | കെ.ഇ.ആർ. അദ്ധ്യായം V, റൂൾ 2, 2എ പ്രകാരമുള്ള നടപടിക്രമങ്ങളിലൂടെ മാത്രമേ സ്ക്കൂളുകൾക്ക് അൺ എയ്ഡഡ് പദവി നൽകാനാവുകയുള്ളൂ. മേൽപ്പറഞ്ഞ ചട്ടങ്ങൾ പ്രകാരമുള്ള നടപടി ക്രമങ്ങൾ സർക്കാർ ആരംഭിച്ചിട്ടില്ല. അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ സ്വന്തം നിലയിൽ സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ക്കൂളുകൾക്ക് അംഗീകാരം നൽകാനാവില്ല. |

Sd/-
സെക്ഷൻ ഓഫീസർ